"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം എന്ന പദ്ധതിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടി/പരിപാലനം/അപ്ഗ്രഡേഷൻ എന്ന പദ്ധതി ഘടകത്തിലുൾപ്പെടുത്തി 986 എണ്ണം മൾട്ടി ഫങ്ക്ഷൻ മോണോക്രോം ലേസർ പ്രിന്ററുകൾ വാങ്ങി ലാൻഡ് റവന്യൂ വകുപ്പിന് കീഴിലെ വിവിധ ഓഫീസുകൾക്ക് ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.544/2026/RD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-

1. 22.06.2025 തീയതിയിലെ സ.ഉ.(സാധാ)നം.1504/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 30.10.2025, 17.02.2026 തീയതികളിലെ LR/11322/2024-ITCELL 5 നമ്പർ കത്തുകൾ.

**ഉത്തരവ്**

2025-26 സാമ്പത്തിക വർഷം റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണത്തിനായി 5475-00-800-77-02(P)(V) എന്ന ശീർഷകത്തിൽ 2650 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയുടെ Infrastructure Creation/Maintenance/Upgradation എന്ന മെയിൻ കംപോണന്റിൽ Procurement of Hardware ഇനത്തിൽ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ വകുപ്പിന് കീഴിലെ വിവിധ ഓഫീസുകൾക്ക് 986 മൾട്ടി ഫങ്ക്ഷൻ പ്രിന്ററുകൾ വാങ്ങി നൽകുന്നതിന്റെ ഭാഗമായി ആയതിന്റെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ തീരുമാനിക്കുകയും ആയവ വാങ്ങി നൽകുന്നതിനായി തീരുമാനിച്ചിട്ടുള്ളതായും ഓരോ പ്രിന്ററിനും 23,502/-രൂപ നിരക്കിൽ 986 എണ്ണം പ്രിന്ററുകൾക്ക് 2,31,72,972/-രൂപ ചെലവ് വരുന്നതായും ടി തുക നടപ്പ് സാമ്പത്തിക വർഷത്തെ 5475-00-800-77-02 (PV) Computerisation of Revenue department എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്ന്, 23.09.2025 തീയതി ചേർന്ന പർച്ചേസ് കമ്മിറ്റിയുടെയും ടെക്നിക്കൽ കമ്മിറ്റിയുടെയും മിനുട്സ് സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം 2650 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം എന്ന പദ്ധതിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ സൃഷ്ടി /പരിപാലനം/ അപ്ഗ്രഡേഷൻ എന്ന പദ്ധതി ഘടകത്തിലുൾപ്പെടുത്തി സി.പി.ആർ.സി.എസ്. പോർട്ടൽ മുഖേന 23,502/-രൂപ നിരക്കിൽ 986 എണ്ണം മൾട്ടി ഫങ്ക്ഷൻ പ്രിന്ററുകൾ വാങ്ങി ലാൻഡ് റവന്യൂ വകുപ്പിന് കീഴിലെ വിവിധ ഓഫീസുകൾക്ക് ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

3] പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ തുക 2025-26 സാമ്പത്തിക വർഷം റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർവത്ക്കരണം എന്ന പദ്ധതിയ്ക്കായി 5475-00-800-77-02(P)(V) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളതും പരാമർശം 1 പ്രകാരം ഭരണാനുമതി നൽകിയതുമായ 2650 ലക്ഷം രൂപയിൽ നിന്നും വഹിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് [31.12.2025 തീയതിയിലെ ITCell-2/260/2025-ITD പ്രകാരം]
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 07-03-2026 10:57:32
സെക്ഷൻ ഓഫീസർ